2019 -20 അധ്യയനവർഷത്തിലെ പ്രവർത്തന റിപ്പോർട്ട്.

2019 -20 അധ്യയന വർഷത്തിലേക്ക് ഉള്ള ഐ.ടി ഉപദേശ സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് ജൂൺ 10 ന് നടന്നു. പിടിഎ പ്രസിഡണ്ട് ചെയർമാനും ,ഹെഡ്മിസ്ട്രസ്സ് ശ്രീമതി ബീന ഡേവിഡ്ടീച്ചർ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.
SITC ശ്രീമതിമാനസി സ്റ്റാൻലിൻ,JSITC Sr. ജയമോൾ ജോസഫ് ,നാല് അധ്യാപക പ്രതിനിധികൾ ,ഒരു വിദ്യാർത്ഥി പ്രതിനിധി എന്നിവരെയും തിരഞ്ഞെടുത്തു. 2019 20 അധ്യയനവർഷത്തെ ക്ലാസുകൾ ജൂൺ 16 ന് ആരംഭിച്ചു. ജൂൺ 19ന് CFHS ൽ വച്ച്പ്രിലിമിനറി ക്യാമ്പ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായി നടത്തപ്പെടുക യുണ്ടായി. അന്നേദിവസം RP മാരായ മാനസി ടീച്ചറും ചെറുപുഷ്പം ടീച്ചറും കുട്ടികൾക്ക് ക്ലാസുകൾ എടുത്തു.
തുടർന്ന് എല്ലാ ബുധനാഴ്ചയും .വൈകുന്നേരം നാലു മുതൽ 5 മണി വരെ വരെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ്, പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം എന്നീ വിഷയങ്ങൾക്ക് ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് സുമാർ ക്ലാസ്സുകൾ നൽകുകയുണ്ടായി. ഈ അധ്യയന വർഷത്തിലെ മേളയിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പങ്കെടുക്കുകയും ഒമ്പതാം ക്ലാസിലെ നക്ഷത്ര വി ബി എന്ന കുട്ടിക്ക് ജില്ലാതല ക്യാമ്പിലേക്ക് സെലക്ഷൻ ലഭിക്കുകയും ചെയ്തു. എസ്എസ്എൽസി പരീക്ഷയിൽ Little kites അംഗങ്ങൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുകയുണ്ടായി.